പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 162

04.06.2018-ൽ മറുപടിയ്ക്ക്

## പട്ടികജാതി/വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഐ.സി ബാലകൃഷ്ണൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരുടെ പരാതിയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എസ്.സി /എസ്.റ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ, പരാതികൾ ഇവ മോണിറ്റർ ചെയ്യുന്നതിനായി എല്ലാ ഡി.സി.ആർ.ബി/സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ഡി.വൈ.എസ്.പി/എ.സിമാരെ ജില്ലാതല നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ എല്ലാ ത്രൈമാസത്തിലും എസ്.സി/എസ്.റ്റി അവലോകന യോഗം ചേർന്ന് കേസ്സുകൾ സംബന്ധിച്ച അവലോകനം നടത്തുന്നു. കൂടാതെ എസ്.സി/ എസ്.റ്റി കോളനികൾ സന്ദർശിച്ച് അദാലത്തുകൾ നടത്തുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ബി) വയനാട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പട്ടിക ജാതി | പട്ടിക വർഗ്ഗം |
|---|---|---|
| 2015 | 9 | 57 |
| 2016 | 10 | 87 |
| 2017 | 5 | 48 |
| 2018 up to 27.05.2018 | 6 | 19 |

(സി) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വയനാട്ടിൽ ആരംഭിച്ച കോടതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) വയനാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ആരംഭിച്ച ബഹു. മാനന്തവാടി സ്പെഷ്യൽ കോടതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.